# GOOD WORKS DONE – 2023

- **വ്യാജ വാട്സ് ആപ്പ് ഉണ്ടാക്കി സാമ്പത്തിക തട്ടിപ്പ്. പ്രതി പിടിയിൽ.**



മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ യൂണിഫോമിലുള്ള ഫോട്ടോ പ്രൊഫൈൽ ഫോട്ടോ ആക്കി വ്യാജ വാട്സ് ആപ്പ് ഉണ്ടാക്കി പോലീസുകാരിൽ നിന്നുൾപ്പെടെ പലരിൽ നിന്നും ഓൺലൈൻ ഷോപ്പിംഗ് ഗിഫ്റ്റ് വൗച്ചർ പെയ്മെന്റിലൂടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സന്ദേശമയച്ച ബീഹാർ സ്വദേശിയായ സിക്കന്ദർ സാദാ എന്നയാളാണ് പിടിയിലായത്. സൈബർ സെല്ലിന്റെ സഹായത്തോടെ സൈബർ ക്രൈം പോലീസ് നടത്തിയ അന്വേഷണത്തിൽ കർണാടകയിലെ ഉടുപ്പി സിദ്ധപുര എന്ന സ്ഥലത്തുനിന്നും പുതിയ തട്ടിപ്പിന് ശ്രമിക്കുന്നതിനിടെയാണ് പ്രതി പിടിയിലായത്.

***

- **അരക്കോടി വിലവരുന്ന 62 കിലോ കഞ്ചാവുമായി രണ്ടു പേർ പിടിയിൽ**




ആന്ധ്രപ്രദേശിൽ നിന്നും വൻതോതിൽ മലപ്പുറത്തേക്ക് കഞ്ചാവ് എത്തുന്നുണ്ടെന്ന് മലപ്പുറം ജില്ലാ പോലീസ് മേധാവി എസ് സുജിത്ത് ദാസ് ഐപിഎസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം DYSP P അബ്ദുൽ ബഷീർ, മലപ്പുറം പോലീസ് ഇൻസ്പെക്ടർ ജോബി തോമസ് എന്നിവരുടെ മേൽനോട്ടത്തിൽ മലപ്പുറം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ജീഷിലിന്റെ നേതൃത്വത്തിൽ മലപ്പുറം, നിലമ്പൂർ, പെരിന്തൽമണ്ണ ആന്റി നർക്കോട്ടിക് സ്കോഡും മലപ്പുറം പോലീസും ചേർന്ന് സൈബർ സെല്ലിന്റെ സഹായത്തോടെ നടത്തിയ പരിശോധനയിലാണ് കോട്ടയം പൂഞ്ഞാർ സ്വ ദേശി നടക്കൽ വീട്ടിൽ ജോസി സെബാസ്റ്റ്യൻ, ഇടുക്കി തൊടുപുഴ

പള്ളിക്കര വീട്ടിൽ പ്രകാശ് ജോസ് എന്നീ പ്രതികളെ 62 കിലോ കഞ്ചാവും കടത്താൻ ഉപയോഗിച്ച വാഹനവുമായി പിടികൂടിയത്.

***

- **കാറിൽ ഒളിപ്പിച്ചു കടത്തിയ ഒരു ക്വിന്റൽ ചന്ദനത്തടികളുടെ വൻ ശേഖരവുമായി രണ്ടു പേർ കൊളത്തൂർ പോലീസിന്റെ പിടിയിൽ.**



ആന്ധ്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് ആഡംബര വാഹനങ്ങളിൽ രഹസ്യ അറകൾ നിർമിച്ച് വിപണിയിൽ മൂല്യം കൂടിയ ചന്ദനത്തടികൾ കേരളത്തിലെത്തിച്ച് രൂപമാറ്റം വരുത്തി വിൽപ്പന നടത്തുന്ന കള്ളക്കടത്ത് സംഘം പ്രവർത്തിക്കുന്നതായും ജില്ലയിലെ ചിലർ ഇതിൽ പ്രധാന കണ്ണികളായി പ്രവർത്തിക്കുന്നുണ്ടെന്നും മലപ്പുറം ജില്ലാപോലീസ് മേധാവി എസ്.സുജിത്ത് ദാസ് ഐപിഎസ് ന് രഹസ്യവിവരം ലഭിച്ചിരുന്നു. തുടർന്ന് ഈ സംഘത്തെ കേന്ദ്രീകരിച്ച് പെരിന്തൽമണ്ണ ഡിവൈഎസ്പി എം.സന്തോഷ്കുമാർ, സി.ഐ.സുനിൽ പുളിക്കൽ എന്നിവരുടെ നേതൃത്വത്തിൽ കൊളത്തൂർ പോലീസും ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള ജില്ലാ ആന്റി നൻക്കോട്ടിക് സ്ക്വാഡും നടത്തിയ അന്വേഷണത്തിലാണ് കാറിന്റെ ബാക്ക് സീറ്റിനടിയിൽ രഹസ്യ അറയുണ്ടാക്കി ഒളിപ്പിച്ച് കടത്തിയ ചന്ദനത്തടിഷണങ്ങളുമായി മഞ്ചേരി കോട്ടുപറ്റ സ്വദേശി അത്തിമണ്ണിൽ അലവിക്കുട്ടി (42), ഏറ്റുമാനൂർ പട്ടിത്താനം സ്വദേശി കല്ലുവിതറും തടത്തിൽ സന്തോഷ് എന്നിവരെ കാർ സഹിതം കൊളത്തൂർ കുറിപ്പത്താൽ റോഡിൽ വച്ച് കസ്റ്റഡിയിലെടുത്തത്.

***